IT AND ALLIED
EMPLOYEES CONFEDERATION
Affiliated to AITUC, Trad Union No. 19464/2020
P S Smarakam, Vrindavan Gardens, Pattom, Thiruvananthapuram
Ph: 9487870000 email: itecindia.mail@gmail.com web: www.itecindia.org
PRESIDENT **A N RAJAN** GENERAL SECRETARY **ANISH ZACHARIAH** TREASURER **RATHEESH KUMAR R**

No.36/2020 13-04-2020

**ശ്രീ. പിണറായി വിജയൻ**
കേരള സംസ്ഥാന മുഖ്യമന്ത്രി
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

**വിഷയം:** കേരളത്തിൽ അക്ഷയ, ഡി ടി പി സ്ഥാപനങ്ങൾക്ക് ലോക്ഡൗൺ കാലഘട്ടത്തിൽ ഇളവുകളോടെ രണ്ടു ദിവസം തുറക്കുന്നതിന് അനുവദിക്കുന്നത് സംബന്ധിച്ച്

സർ,

ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ അക്ഷയ, ഡി ടി പി സ്ഥാപനങ്ങൾ, ഗ്രാഫിക് ഡിസൈനർമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ഇപ്പോൾ വരുമാനമില്ലാതെ ബുദ്ധിമുട്ടുകയാണ്. അന്നന്നുള്ള വരുമാനം മാത്രം മുന്നിൽ കണ്ട് ജീവിക്കുന്ന ഇവർക്ക് ആഴ്ചകളായി ഉപയോഗിക്കാതെ യു പി എസ് ബാറ്ററികൾ കേടാകുകയും കളർ പ്രിന്ററുകളുടെ ഹെഡ്, കാറ്ററിഡ്ജ് എന്നിവ മഷി ലോക്കായി കേടുവരാനും ഇടയാകുന്നു. ഇവയെല്ലാം വീണ്ടും പ്രവർത്തനസജ്ജമാക്കാൻ വളരെയധികം ചിലവ് വേണ്ടിവരും.

അച്ചടി സ്ഥാപനങ്ങൾ, പബ്ലിഷിംഗ് സ്ഥാപനങ്ങൾ, ചെറിയ നോട്ടീസുകൾ, വിദ്യാർത്ഥികളുടെ പ്രോജക്ട് വർക്കുകൾ തുടങ്ങിയ ജോലികൾ ഏറ്റെടുത്ത് ചെയ്യാറുള്ള ഇവർക്ക് കുറച്ചു കാലത്തേക്ക് ഇത്തരം ജോലികൾ ലഭിക്കാനുള്ള സാധ്യതയുമില്ല. സാമ്പത്തിക പ്രതിസന്ധി കാരണം അച്ചടി സ്ഥാപനങ്ങൾക്കായി ചെയ്തു തീർത്ത ജോലികൾ ഉടൻ വേണ്ടിവരില്ല എന്നാണ് അറിയുന്നത്. കൂടാതെ ഒരു മാസത്തെ വാടക ഒഴിവാക്കിയാലും അടുത്ത മാസം മുതലുള്ള ചിലവുകൾക്ക് ബുദ്ധിമുട്ടും ഉണ്ടാകും. ഇത് ചെറുകിട ഡി ടി പി സ്ഥാപനങ്ങൾക്കും ഫ്രീലാൻസായി തൊഴിൽ ചെയ്യുന്നവരുടെയും നിലനില്പ്പിന് ഭീഷണിയാകുന്നു.

വലിയ മുതൽമുടക്കിന് ശേഷിയില്ലാത്തവരാണ് സ്വന്തമായി തൊഴിൽ അറിയാവുന്ന ഇത്തരം ചെറുകിട സ്ഥാപനങ്ങൾ നടത്തുന്നത്. നിയന്ത്രിതമായെങ്കിലും ആദ്യം മുതൽ കട തുറന്നു പ്രവർത്തിച്ചിരുന്നെങ്കിൽ ഉപകരണങ്ങളുടെ കേടുപാടെങ്കിലും ഒഴിവാക്കാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങളിൽ വലിയ ആൾക്കൂട്ടം ഒരിക്കലും ഉണ്ടാകാറില്ല. അതുകൊണ്ട് ലോക്ഡൗൺ കാലത്ത് തുറന്ന് പ്രവർത്തിക്കുന്നതിൽ ഒരു അപാകതയും ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ഉണ്ടാകില്ല.

രാജ്യത്തെ ലോക്ഡൗൺ കാലാവധി 14 ദിവസക്കാലത്തേക്ക് നീട്ടുന്നതിന് തിരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ബാങ്ക് ലോണുകൾ, വിവിധ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിലെ അക്ഷയ, ഡി ടി പി സെന്ററുകൾ തുറക്കുന്നതിന് ആഴ്ചയിൽ രണ്ടു ദിവസം ഇളവുകളോടെ തുറന്ന് പ്രവർത്തിക്കുന്നതിന് അനുവദിക്കണമെന്ന് ഈ ജനകീയ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

**കെ. പ്രവീൺ**
വർക്കിംഗ് പ്രസിഡന്റ്
9446289226